G2/10463/2022/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 23.03.2022

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് -സർക്കാർ കോളേജുകളുടെ നിയന്ത്രണത്തിലുള്ള ഹോസ്റ്റലുകളിലെ വാർഡൻ -ട്യൂട്ടർ നിയമനം മാർഗ്ഗ നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിക്കുന്നു.

സൂചന :- വിവിധ കോളേജുകളിൽ നിന്നുള്ള അപേക്ഷകൾ

*********

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ കോളേജുകളിൽ ഹോസ്റ്റലുകളിൽ അനുവദിച്ചിട്ടുള്ള കോളേജുകൾ ആയതിന്റെ സുഗമമായ നടത്തിപ്പിനായി വാർഡനെയും ട്യൂട്ടർമാരേയും നിയമിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ സാധൂകരണ ഉത്തരവ് ലഭ്യമാക്കുന്നതിന് താഴെ പറയും പ്രകാരം മാർഗ്ഗ നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിക്കുന്നു.

1 . ഹോസ്റ്റലിന്റെ ഡ്രായിങ് ആൻഡ് ഡിസ്ബർസിങ് കപ്പാസിറ്റിയിൽ ഒരു അദ്ധ്യാപകനെ / അദ്ധ്യാപികയെ ഹോസ്റ്റൽ വാർഡനായി പ്രിൻസിപ്പാൾ നിയമിക്കേണ്ടതാണ്.

2. ഹോസ്റ്റലുകളിലെ അന്തേവാസികളായ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് വേണ്ടി ഓരോ അക്കാദമിക വർഷവും ട്യൂട്ടർമാരെ നിയമിച്ച് ഉത്തരവ് നൽകേണ്ടതാണ്.

3.അദ്ധ്യാപകർക്ക് വില്ലിംഗ്നെസ് നോട്ടീസ് നൽകി അവരിൽ നിന്ന് വാർഡനായി / ട്യൂട്ടർ ആയി പ്രവർത്തിക്കുവാൻ സമ്മതമാണോ അല്ലയോ എന്ന് എഴുതി വാങ്ങിയ ശേഷം, ലഭിക്കുന്ന സമ്മതപത്രങ്ങളുടെ അടിസ്ഥാനത്തിൽ കോളേജ് കൗൺസിൽ യോഗം ചേർന്ന് എടുക്കുന്ന തീരുമാന പ്രകാരമായിരിക്കണം വാർഡൻ നിയമനം നടത്തേണ്ടത്.

4 .വാർഡൻ / ട്യൂട്ടർ നിയമന ഉത്തരവിൽ കൗൺസിൽ യോഗ തീരുമാനം പരാമർശിക്കേണ്ടതാണ് .

5.ഓരോ വാർഡൻ/ട്യൂട്ടർ നിയമനവും ഓരോ അക്കാദമിക വർഷത്തേക്ക് ആയിരിക്കും.നിയമന ഉത്തരവിൽ എന്ന് മുതൽ എന്നുവരെയാണ് നിയനം നൽകുന്നത് എന്ന് കൃത്യമായി പരാമർശിക്കേണ്ടതാണ്.നിലവിലെ വാർഡൻ/ട്യൂട്ടർക്ക് തന്നെ പുതിയ അക്കാദമിക വർഷത്തിലും തുടരാൻ സാധ്യതയുണ്ടാകുന്ന സാഹചര്യത്തിൽ മേൽ പരാമർശിത നിർദ്ദേശം പാലിച്ചുകൊണ്ട് പ്രിൻസിപ്പാൾ പുതുക്കിയ നിയമന ഉത്തരവ് നൽകേണ്ടതാണ്.

6.ഹോസ്റ്റലുകളിൽ നിയമിക്കുന്ന വാർഡൻ/ട്യൂട്ടർമാരുടെ നിയമന ഉത്തരവിന്മേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ സാധൂകരണ ഉത്തരവ് യഥാസമയം വാങ്ങിയിരിക്കേണ്ടതുമാണ്.

7.ഓരോ അക്കാദമിക വർഷവും ഹോസ്റ്റലുകളിൽ നിയമിക്കുന്ന വാർഡൻ/ട്യൂട്ടർമാരുടെ നിയമന ഉത്തരവുകളുടെ സാധൂകരണം അതാത് കാലയളവിൽ തന്നെ വാങ്ങിയിരിക്കേണ്ടതാണ്.എന്നാൽ നിലവിൽ

ഏതെങ്കിലും ഹോസ്റ്റലുകളിൽ മുൻപ് നടത്തിയിട്ടുള്ള നിയമനം സാധൂകരിച്ച് ലഭിക്കാനുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ, വാർഡനായി ജോലി നോക്കിയിരുന്നു എന്നത് സംബന്ധിച്ച് ഹോസ്റ്റൽ രേഖകൾ പരിശോധിച്ച് പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രം, കാലതാമസത്തിനുള്ള എന്ന കാരണം എന്നിവ സഹിതം ബഹു: കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് 2022 മാർച്ച് 31 ന് മുൻപായി അപേക്ഷ നൽകാവുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിച്ച് ഹോസ്റ്റലിലെ വാർഡൻ / ട്യൂട്ടർമാരുടെ നിയമനങ്ങൾ നടത്തുന്നതിന് ആയതിന്റെ സാധൂകരണം ഉത്തരവ് സമയബന്ധിതമായി വാങ്ങുന്നതിന് എല്ലാ പ്രിൻസിപ്പാൾമാരും വ്യക്തിഗത ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്ന് കൂടി നിർദ്ദേശിക്കുന്നു .

Approval Valid

Digitally Approved By
ഡോ. ജോതിരാജ്. എം
Date: 23.03.2022
Reason: Approved

ഒപ്പ്/-
**ഡോ. ജോതിരാജ്. എം**
അഡിഷണൽ ഡയറക്ടർ

പകർപ്പ്:-

1 .എല്ലാ ഗവണ്മെന്റ് കോളേജ് പ്രിൻസിപ്പൾമാർക്കും
2 .എല്ലാ ഹോസ്റ്റൽ വാർഡൻമാർക്കും
3.സിസ്റ്റം അഡ്മിനിസ്ട്രേറ്റർക്ക് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )